**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2499** **12-12-2022 - ൽ മറുപടിയ്ക്ക്**

**പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നവർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് വസ്തുക്കൾ നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക വസ്തുക്കളുടെ ഉൽപാദനം, സൂക്ഷിക്കൽ കൊണ്ടുപോകൽ, വില്പന എന്നിവ സർക്കാ ഉത്തരവ് സ.ഉ(കൈ) നം.06/2019/പരി തീയതി 27/11/2019 പ്രകാരം 01/01/202 മുതൽ കേരള സംസ്ഥാനത്ത് പൂർണ്ണമായ നിരോധനം ഏർപ്പെടുത്തുകയും പ്രസ്തുത ഉത്തര പ്രകാരം നിരോധിച്ചിട്ടുള്ള ഒറ്റത്തവണ ഉപയോഗത്തിലുള്ള വസ്തുക്കൾ സംബന്ധി (സ.ഉ (കൈ ) നം.07/2019/പരി. തീയ 17/12/2019 പ്രകാരം വ്യക്തത വരുത്ത കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായ കൂടാതെ 12.08.2021 ൽ പുറപ്പെടുവിച്ച കേര പ്ലാസ്റ്റിക് മാലിന്യ പരിപാലന (ഭേദഗതി ചട്ടങ്ങൾ 2021 പ്രകാരം താഴെ പറയുന അധിക ഏകോപയോഗ പ്ലാസ്റ്റി ഉത്പന്നങ്ങളും രാജ്യ വ്യാപകമായ നിരോധിച്ചിട്ടുണ്ട്.<br><br>• - കാൻഡി സ്റ്റിക്കുകൾ<br>• - പ്ലാസ്റ്റിക് സ്റ്റിക്കോടു കൂടിയ ഇയ ബഡ്സുകൾ<br>• - ഐസ്ക്രീം സ്റ്റിക്കുകൾ<br>• - ബലൂണുകളിലെ പ്ലാസ്റ്റിക് സ്റ്റിക്കുകൾ<br>• - സ്വീറ്റ് ബോക്സുകൾ<br>• - ക്ഷണക്കത്തുകൾ<br>• - സിഗരറ്റ് പാക്കറ്റുകളിലെ ആവരണങ്ങൾ<br>• - പാക്കേജിങ് ഫിലിമുകൾ<br>• - മേൽ പ്രകാരമുള്ള സർക്കാ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നഗരസഭ തലത്തിൽ സ്ക്വാ രൂപീകരിച്ച് നിരോധിത പ്ലാസ്റ്റി |

ബാഗുകളും മറ്റ നിരോധിത വസ്തുക്കള
വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന
നടത്തി പിടിച്ചെടുക്കുകയും പി
ഈടാക്കുകകയും ചെയ്തു വരുന്നു.

- -2022 ജൂലൈ 1 ന് ശേഷം ഇതുവരെ
നഗരസഭാ പ്രദേശങ്ങളിൽ ആകെ
8193 പരിശോധനകൾ നടത്തുകയു
23095 ഗ്രാം ഒറ്റതവണ ഉപയോഗ
പ്ലാസ്റ്റിക് ഉത്പന്നങ്ങ
പിടിച്ചെടുക്കുകയും 5068617/-രൂ
കടകൾക്ക് ഫൈൻ ചുമത്തുകയു
ആയതിൽ 3525457/- രൂ
ഫൈനായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക
വസ്തുക്കൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെ
ഗ്രാമപഞ്ചായത്ത് തലത്തിൽ മൈക്ക് അന
ൺസ്മെന്റ് , നോട്ടീസ് നൽകൽ, പ്രാദേശിക
ചാനൽ / സോഷ്യൽ മീഡിയ, പത്ര
എന്നിവയിലൂടെ പൊതുജനങ്ങൾക
ബോധവത്കരണം എന്നിവ നൽകുകയുണ്ടായ
ഇതോടനുബന്ധിച്ച് ഗ്രാമപഞ്ചായത്തുകളിലെ
വ്യാപാര-വ്യവസായി പ്രതിനിധികൾ
റസിഡൻസ് അസോസിയേഷന
പ്രതിനിധികൾ , രാഷ്ട്രീയ-സാമൂഹിക-സന്നദ്ധ
സംഘടന പ്രതിനിധികൾ എന്നിവരുടെ
യോഗം വിളിച്ച് ചേർക്കുകയും ഒറ്റത്തവ
ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് വസ്തുക്കൾ നീക്ക
ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശ
നൽകുകയും ചെയ്യുകയുണ്ടായി. പ്ലാസ്റ്റിക്കിന
പകരം ഉപയോഗിക്കാവുന്ന ഉല്പന്നങ്ങളു
പ്രദർശനം കുടുംബശ്രീ മുഖേ
നടത്തുകയുണ്ടായി. ഒറ്റത്തവ
ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് വസ്തുക്കൾ നീക്ക
ചെയ്യുന്നതുമായി ബന്ധപ്പെട്ട് ജില്ലാ തലത്തി
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത
അസിസ്റ്റന്റ് ഡയറക്ടർ, പെർഫോമൻസ
ഓഡിറ്റ് സൂപ്പർവൈസർ എന്നിവരുടെ
നേതൃത്വത്തിൽ ജില്ലാതല പരിശോധന ടീ
രൂപീകരിക്കുകയും വിവിധ പഞ്ചായത്തുകളിലെ
വ്യാപാര സ്ഥാപനങ്ങൾ, മാർക്കറ്റുകൾ
ഷോപ്പിംഗ് മാളുകൾ, ഹോട്ടലുകൾ, വഴിയോ
തട്ടുകൾ എന്നിവിടങ്ങളിൽ ആകസ്മിക
പരിശോധനകൾ നടത്തുകയും നിയമ
ലംഘിക്കുന്നവർക്കെതിരെ നിയമാനുസൃ
നടപടികൾ സ്വീകരിക്കുകയും ചെയ്തു
പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത

| | | | |
|---|---|---|---|
| | | | സെക്രട്ടറിമാരുടെ നേതൃത്വത്തിൽ ഇത്തര പരിശോധനകൾ നിശ്ചിത ഇടവേളകളിൽ നടത്തുകയും നിയമം ലംഘിക്കുന്നവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയു ചെയ്തുവരുന്നു. ഹരിത കർമ്മസേന അംഗങ്ങ മുഖേന വീടുകൾ വ്യാപാര-വാണിജ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങ എന്നിവിടങ്ങളിൽ നിന്നും പ്ലാസ്റ്റിക്ക് ശേഖരി തരംതിരിച്ച് ക്ലീൻ കേരള കമ്പനി / സ്വകാര ഏജൻസിക്ക് കൈമാറുന്ന രീതിയു അവലംബിച്ചു വരുന്നു . |
| (ബി) | പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ പൊതുനിരത്തിൽ അലക്ഷ്യമായി വലിച്ചെറിയുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ശിക്ഷനൽകുന്നതിനും ഫൈൻ ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; | (ബി) | പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ പൊതുനിരത്തിൽ അലക്ഷ്യമായി വലിച്ചെറിയുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ശിക്ഷനൽകുന്നതിനും ഫൈൻ ഈടാക്കുന്നതിനും ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ പ്ലാസ്റ്റിക്ക് മാനേജ്മെന്റ് ബൈലോ പാസാക്കിയിട്ടുണ്ട്. ആയത് പ്രകാരവും കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരവും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ പൊതുനിരത്തിൽ അലക്ഷ്യമായി വലിച്ചെറിയുന്നവർക്കെതിരെ നോട്ടീസ് നൽകുകയും നിയമാനുസൃത ഫൈൻ ഉൾപ്പെടെയുള്ള ശിക്ഷാ നടപടികളും സ്വീകരിച്ച് വരുന്നു |
| (സി) | എങ്കിൽ അത്തരത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ പൊതുനിരത്തിൽ അലക്ഷ്യമായി വലിച്ചെറിയുന്നവർക്കെതിരെ 57 കേസുകൾ ആകെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ